ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25.06.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് ഊർജ്ജ മന്ത്രിമാരുടെ പതിനൊന്നാമത് യോഗത്തിന് ഹരിയാനയിലെ ഗുരുഗ്രാം ആതിഥേയത്വം വഹിച്ചു.

2. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ റാലി നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും.

3. വന്യജീവി- മനുഷ്യ സംഘർഷങ്ങൾക്ക് പരിഹാരം കാണാൻ വിശദമായ പദ്ധതി തയ്യാറാക്കുമെന്ന് വനം മന്ത്രി ഷിബു ബേബിജോൺ.

4. സംസ്ഥാനത്തെ മുഴുവൻ തരിശുനിലങ്ങളും കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്.

5. വ്യാജ മരുന്നുകൾ തടയുന്നതിനും വിതരണ ശൃംഖല കൂടുതൽ സുതാര്യമാക്കുന്നതിനുമായി 1945-ലെ ഡ്രഗ്സ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ.

6. ഐസിസി വനിതാ ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

RNU TVPM

## രാജ്യസഭാംഗങ്ങൾ -സത്യപ്രതിജ്ഞ

രാജ്യസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരുൾപ്പടെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടവരായ പത്ത് അംഗങ്ങൾക്ക് പാർലമെന്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ സി.പി. രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി തെലുങ്കുദേശം പാർട്ടി, ബിജെപി, കോൺഗ്രസ്, ജാർഖണ്ഡ് മുക്തി മോർച്ച പാർട്ടികളിൽ നിന്നുള്ള അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തവരിൽ ഉൾപ്പെടുന്നു.

## ബ്രിക്സ് യോഗം

ഇന്ത്യയുടെ അധ്യക്ഷതയ്ക്ക് കീഴിൽ പതിനൊന്നാമത് ബ്രിക്സ് ഊർജ്ജ മന്ത്രി മാരുടെ യോഗത്തിന് ഹരിയാനയിലെ ഗുരുഗ്രാം ഇന്ന് ആതിഥേയത്വം വഹിച്ചു. ആഗോള ഊർജ്ജ വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഊർജ്ജ മേഖലയിലെ സഹകരണം ശക്തമാക്കുന്നതിനുമായി ബ്രിക്സ് അംഗ രാജ്യങ്ങളിൽ നിന്നുള്ള ഊർജ്ജ മന്ത്രിമാരും ഉപമന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തതായി ഊർജ്ജ മന്ത്രാലയം അറിയിച്ചു. ഊർജ്ജ സുരക്ഷ, സുസ്ഥിരത, നവീകരണം, അടിസ്ഥാന സൗകര്യ വികസനം, എന്നിവയിലെ സഹകരണം വീണ്ടും ഉറപ്പു നൽകുന്ന സംയുക്ത പ്രഖ്യാപനത്തോടെയാണ് യോഗം സമാപിച്ചതെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.

RNU TVPM

## മുഖ്യമന്ത്രി ഗവർണറെ സന്ദർശിച്ചു

മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് രാവിലെ ലോക് ഭവനിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറെ സന്ദർശിച്ചു. സൗഹാർദ്ദപരമായ കൂടിക്കാഴ്ചയായിരുന്നു.

## ലഹരിവിരുദ്ധ റാലി

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വിമുക്തി മിഷനും വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ബോധവത്കരണ റാലി നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. രാവിലെ 10.30 ന് കവടിയാറിൽ നിന്ന് ആരംഭിക്കുന്ന റാലി കനകക്കുന്ന് കൊട്ടാരത്തിൽ സമാപിക്കും. ലഹരിവസ്തുക്കളുടെ ദുരുപയോഗത്തെയും അനധികൃത കടത്തിനെയും പ്രതിരോധിക്കുന്നതിനും യുവജനങ്ങളിലും വിദ്യാർഥികളിലും ബോധവത്കരണം ശക്തിപ്പെടുത്തുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

## ഷിബു ബേബിജോൺ (ഇൻട്രോ)

വന്യജീവി- മനുഷ്യ സംഘർഷങ്ങൾക്ക് പരിഹാരം കാണാൻ വിശദമായ പദ്ധതി തയ്യാറാക്കുമെന്ന് മന്ത്രി ഷിബു ബേബിജോൺ. വന്യമൃഗ ശല്യത്തിനു പരിഹാരം കാണാൻ വനംവകുപ്പും പ്രദേശവാസികളും ജനപ്രതിനിധികളും അടക്കം കൂട്ടായ തീവ്ര പ്രവർത്തനം ആവശ്യ മാണെന്നും മന്ത്രി പറഞ്ഞു. റാന്നി ഫോറസ്റ്റ് സ്റ്റേഷനിൽ ചേർന്ന അവലോകന യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു മന്ത്രി.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(ഹോൾഡ്-വോയ്സ്)

## കൃഷി മന്ത്രി-പള്ളിപ്പുറം

സംസ്ഥാനത്തെ മുഴുവൻ തരിശുനിലങ്ങളും മാപ്പ് ചെയ്ത് കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷിരീതികൾ കണ്ടെത്തി നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരത്തെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ

RNU TVPM

വർഷങ്ങളായി തരിശുകിടന്നിരുന്ന പള്ളിപ്പുറം പാടശേഖരം പുനരുജ്ജീവിപ്പിച്ച് 125 ഏക്കറിൽ നെൽകൃഷിയിറക്കുന്നതിന്റെ വിതയുത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിഷരഹിത ഭക്ഷണം ഉറപ്പാക്കാൻ എല്ലാവരും തങ്ങൾക്ക് ലഭ്യമായ സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## സെൻസസ്

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം ഇനി 5 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലെ ലിങ്കിൽ സംസ്ഥാനം തിരഞ്ഞെടുത്ത ശേഷം കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർ ചെയ്ത് ഭവനം സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കാം.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸

## സെൻസസ്-റീൽസ് മത്സരം

സെൻസസ്- സെൽഫ് എന്യൂമറേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വയനാട് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്കായി റീൽസ് മത്സരം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഈ മാസം 30നകം അത്തരം റീലുകൾ തയ്യാറാക്കി അതത് വ്യക്തികളുടെ സമൂഹ മാധ്യമ പേജുകളിൽ പോസ്റ്റ് ചെയ്യണം. അതിന്റെ ലിങ്ക് 9746239313 നമ്പറിലോ , dcwydsocialmedia@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ അയച്ചുനൽകണം.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഡ്രഗ്സ് ഭേദഗതി

വ്യാജ മരുന്നുകൾ തടയുന്നതിനും വിതരണ ശൃംഖല കൂടുതൽ സുതാര്യമാക്കുന്നതിനുമായി നിർണായക നീക്കവുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിനായി 1945-ലെ ഡ്രഗ്സ് ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ

ഭേദഗതി വരുത്തി. എല്ലാത്തരം വാക്സിനുകൾ, ആന്റിമൈക്രോബയലുകൾ, ക്യാൻസർ പ്രതിരോധ മരുന്നുകൾ എന്നിവ പുതിയ നിയമത്തിന്റെ പരിധിയിൽ വരും. ഇതോടൊപ്പം എൻ.ഡി.പി.എസ് നിയമപ്രകാരമുള്ള മയക്കുമരുന്നുകളും സൈക്കോട്രോപിക് മരുന്നുകളും ഷെഡ്യൂൾ എച്ച്-ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം മരുന്നുകളുടെ പ്രാഥമിക പാക്കിങ് ലേബലിൽ ബാർകോഡോ ക്യു.ആർ കോഡോ നിർബന്ധമായും പ്രിന്റ് ചെയ്യുകയോ പതിക്കുകയോ വേണം.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## മുൻഗണന റേഷൻ കാർഡ് (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ കഴിഞ്ഞ മൂന്ന് മാസത്തെ റേഷൻ വിതരണ-തോത് ശരാശരി 90 ശതമാനമാണ്. കഴിഞ്ഞ ഏഴ് മാസ കാലയളവിൽ 9248 റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് മാറ്റി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ

(ഹോൾഡ്-വോയ്സ്)

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸

## പോളിയോ തുള്ളി മരുന്ന്

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഈ മാസം 28-ന് നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരം തൈക്കാട് മാതൃ-ശിശു ആശുപത്രിയിൽ നിർവ്വഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## കുളമ്പ് രോഗം-പാലക്കാട് (ഇൻട്രോ)

ദേശീയ മൃഗരോഗ നിയന്ത്രണ പദ്ധതിയുടെ എട്ടാം ഘട്ടത്തിന്റെ ഭാഗമായുള്ള കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം പാലക്കാട് ജില്ലയിൽ പുരോഗമിക്കുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(ഹോൾഡ്-വോയ്സ്)

## ആലന്തറ കൃഷ്ണപിള്ള

പ്രശസ്ത നാടക പ്രവർത്തകൻ ആലന്തറ ജി കൃഷ്ണപിള്ളയ്ക്ക് അന്ത്യാഞ്ജലി. ഭൗതിക ദേഹം ഔദ്യോഗിക ബഹുമതികളോടെ തിരുവനന്തപുരം അയിരൂപ്പാറയിലെ വീട്ടുവളപ്പിൽ സംസ്കരിച്ചു. വാർദ്ധക്യ സഹജമായ അസുഖം മൂലം ഇന്ന് രാവിലെയാണ് ജി കൃഷ്ണപിള്ള അന്തരിച്ചത്. നാടക ചലച്ചിത്ര രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ ജി കൃഷ്ണപിള്ളയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ചു.

RNU TVPM

## കഴക്കൂട്ടം-ഐ ടി ഐ

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ കഴക്കൂട്ടം ഗവൺമെൻറ് വനിതാ ഐ ടി ഐയിൽ ഐ എം സിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷക്ഷണിച്ചു. വെബ് എൻജിനീയറിംഗ്, സോഫ്റ്റ്‌വെയർ കോഡിംഗ്, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങിയവ കൂടാതെ ഐ എം സി നേരിട്ട് നടത്തുന്ന എ ഐ അധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കുമാണ് പ്രവേശനം.

## വനിതാ ടി -20

ഐസിസി വനിതാ ട്വൻറി - 20 ലോകകപ്പിൽ, ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. മാഞ്ചസ്റ്ററിൽ ഇന്ത്യൻ സമയം വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 1.30 ന് ക്യുറസാവോ-ഐവറി കോസ്റ്റിനെയും, ഇക്വഡോർ -ജർമനിയെയും നേരിടും. നാളെ പുലർച്ചെ 4.30 ന് നടക്കുന്ന മത്സരങ്ങളിൽ ടുണിഷ്യ-നെതർലാൻറ്സു മായും, ജപ്പാൻ -സ്വീഡനുമായും ഏറ്റുമുട്ടും. ഇന്ന് രാവിലെ നടന്ന മത്സര ങ്ങളിൽ ദക്ഷിണാഫ്രിക്ക -ദക്ഷിണ കൊറിയെയും, മെക്സിക്കോ- ചെക്ക് റിപ്പബ്ലിക്കിനെയും തോൽപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## തിരുവനന്തപുരം നഗരസഭ

തിരുവനന്തപുരം നഗരസഭയിൽ സംഘർഷം. എൽഡിഎഫ് കൗൺസിലർ മാരുടെ പ്രതിഷേധത്തിനിടെയാണ് സംഘർഷം ഉണ്ടായത്. കൗൺസിലർ സുഗതന്റെ രാജി ആവശ്യപ്പെട്ട് നഗരസഭ കവാടത്തിനു മുന്നിൽ രണ്ടു ദിവസമായി എൽഡിഎഫ് കൗൺസിലർമാരുടെ നേതൃത്വത്തിൽ സമരം നടന്നു വരികയായിരുന്നു. സംഘർഷത്തിൽ മേയർക്കും കൗൺസിലർമാർക്കും പരിക്കേറ്റു.

☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸

RNU TVPM